പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 664

2.12.2014 ൽ
മറുപടിയ്ക്ക്

# സൈബർപാർക്കിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ. എ. പ്രദീപ് കുമാർ ; | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| കോഴിക്കോട് ഗവൺമെന്റ് സൈബർപാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; സൈബർ പാർക്കിലേക്കാവശ്യമായ എന്തെല്ലാം അടിസ്ഥാന പ്രവർത്തികളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വിശദമാക്കുമോ ? | ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയുടെ വികസനം ലക്ഷ്യംവെച്ച് ഏറ്റവും ആധുനിക സംവിധാനത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ പണി പുരോഗമിച്ചുവരുന്നു. 10000 ചതുരശ്രയടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്ററിൽ പ്രോജക്ട് ഓഫീസും, മൂന്ന് ഐ.ടി. കമ്പനികളും പ്രവർത്തിച്ചുവരുന്നു. ഒന്നാംഘട്ടമെന്ന നിലയിൽ 50000 ലിറ്റർ ശേഷിയുള്ള വാട്ടർ സപ്ലൈ സ്കീം സജ്ജീകരിച്ചു. ഗതാഗത സൗകര്യത്തിനായി നാലുവരിപ്പാത പണിപൂർത്തീകരിച്ചു. ഇടതടവില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിന് വേണ്ട 110 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷനു വേണ്ട പ്രാരംഭ നടപടികൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ